ആശ്രിതർക്ക് നിയമനം

10 [783] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിലിരിക്കെ മരണപ്പെട്ട സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്ന വ്യവസ്ഥ പ്രകാരം എത്ര അപേക്ഷകളാണ് ഇനിയും തീരുമാനം ആകാതെ കെട്ടിക്കിടക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏത് കാലയളവ് വരെയുള്ള അപേക്ഷകർക്ക് നിയമനം നൽകിയെന്നും ഇനി എത്ര അപേക്ഷകൾ വീതം നിയമനം നൽകുന്നതിന് ബാക്കിയുണ്ടെന്നും വകുപ്പ് തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(സി) ഡൈയിംഗ് ഇൻ ഹാർനസ് നിയമനം ത്വരിതപ്പെടുത്തുന്നതിന് പ്രത്യേക നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ആശ്രിത നിയമനം ത്വരിതപ്പെടുത്തുന്നതിന് പ്രത്യേക നിർദ്ദേശം ഇപ്പോൾതന്നെ നിലവിലുണ്ട്.

വികസന പ്രവർത്തനങ്ങൾക്ക് വിദേശ സഹായം

11 [784] ശ്രീ. ജോർജ്ജ് ജെ. മാത്യു :
ശ്രീമതി ശോഭനാ ജോർജ്ജ് :
ശ്രീ. കെ. സുധാകരൻ :
,, സി. പി. മുഹമ്മദ് :
,, എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് വിദേശ സഹായം സ്വീകരിക്കുന്ന വിവരം കേന്ദ്ര പ്രതിരോധ മന്ത്രാലയത്തെ അറിയിക്കേണ്ടതുണ്ടോ ?

ഉത്തരം

സംസ്ഥാന വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് വിദേശ സഹായം സ്വീകരിക്കുന്ന വിവരം കേന്ദ്ര പ്രതിരോധ മന്ത്രാലയത്തെ അറിയിക്കേണ്ടതില്ല. വിദേശ സഹായം സംസ്ഥാനത്തിന് ലഭിക്കുന്നത് നേരിട്ടല്ല. മറിച്ച് കേന്ദ്ര സർക്കാർ പ്രസ്തുത സഹായം സംസ്ഥാനത്തിന് കൈമാറുകയാണ് ചെയ്തുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly